പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ - ഡോ. ദിവ്യ എസ് അയ്യർ ഐ.എ.എസ്)

**Proceedings No:** DCPTA/3182/2021-DM2 തീയതി : 21/10/2021

വിഷയം :- ജില്ലാ ഭരണകൂടം, പത്തനംതിട്ട - ശബരിമല തീർത്ഥാടനം 2021-2022 - പമ്പയിൽ നിന്നും സന്നിധാനത്തേക്കും തിരിച്ചും ട്രാക്ടറിലുള്ള ചരക്കുനീക്കം രാവിലെ 03.00 മണി മുതൽ 07.00 മണി വരെയും വൈകിട്ട് 05.00 മണി മുതൽ 09.00 മണി വരെയും നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ 28.09.2021 ലെ ജി1-44498/2021/എൻ നമ്പർ റിപ്പോർട്ട്.

കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് 2021-2022 കാലയളവിലെ ശബരിമല തീർത്ഥാടനം നടപ്പാക്കുന്നതിൽ, തീർത്ഥാടന കാലയളവിൽ തിരക്കേറിയ സമയങ്ങളിൽ പമ്പയിൽ നിന്നും സന്നിധാനത്തേക്കും തിരിച്ചും ട്രാക്ടറിലുള്ള ചരക്കുനീക്കം തീർത്ഥാടകരുടെ ജീവന് ഭീഷണിയുള്ളതിനാൽ തിരക്കേറിയ സമയങ്ങളിൽ പ്രത്യേകിച്ച് രാവിലെ 03.00 മണി മുതൽ 07.00 മണി വരെയും വൈകിട്ട് 05.00 മണി മുതൽ 09.00 മണി വരെയും ചരക്കുനീക്കം നിരോധിക്കണമെന്ന് പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത സാഹചര്യത്തിൽ കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് 2021-2022 കാലയളവിലെ ശബരിമല തീർത്ഥാടനം നടപ്പാക്കുന്നതിൽ, തീർത്ഥാടന കാലയളവിൽ പമ്പയിൽ നിന്നും സന്നിധാനത്തേക്കും തിരിച്ചും ട്രാക്ടറിലുള്ള ചരക്കുനീക്കം രാവിലെ 03.00 മണി മുതൽ 07.00 മണിവരെയും വൈകിട്ട് 05.00 മണി മുതൽ 09.00 മണി വരെയും നിരോധിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു

Digitally signed by DR.DIVYA S IYER IAS
Date:Thu Oct 21 19:27:44 IST 2021
Reason: Approved

ജില്ലാ കളക്ടർ

പകർപ്പ് -

1. കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം
2. ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട
3. ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ് (വെസ്റ്റ് ഡിവിഷൻ), പീരുമേട്
4. റവന്യൂ ഡിവിഷണൽ ആഫീസർ, തിരുവല്ല/ അടൂർ
5. തഹസിൽദാർ, റാന്നി
6. റീജ്യണൽ ട്രാൻസ്പോർട്ട് ആഫീസർ, പത്തനംതിട്ട
7. ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട
8. എക്സിക്യൂട്ടീവ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല
9. കരുതൽ ഫയൽ/ അധിക പകർപ്പ്/ ആഫീസ് പകർപ്പ് (ഡി.എം2)

**This is an E-Office Document, does not require Signature in ink.**